Sectt. 37. 3/66/2011/20 Lakh. GPM. © Govt. of Kerala

GOVERNMENT OF KERALA

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ്- കൂത്തുപറമ്പ് മുനിസിപ്പാലിറ്റി -കൂത്തുപറമ്പ് വില്ലേജിലെ റീ സർവ്വേ നമ്പർ 106/ 1A ൽ ഉൾപ്പെട്ട അനധികൃത നിർമ്മാണം- കേരള മുനിസിപ്പാലിറ്റി കെട്ടിട (അനധികൃത ക്രമവൽക്കരണം) ചട്ടം,2014—ക്രമവൽക്കരിച്ച്-- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (ആർബി) വകുപ്പ്

സ.ഉ (സാധാ) നമ്പർ 829 /16/തസ്വഭവ തീയതി തിരുവനന്തപുരം 25/02/2016

---

പരാമർശം:- 1) 14.2.14- ലെ സ.ഉ(എം.എസ്) നമ്പർ 39/2014/തസ്വഭവ

2) കേരള മുനിസിപ്പാലിറ്റി കെട്ടിട (അനധികൃത നിർമ്മാണം ക്രമവൽക്കരണം) ചട്ടം, 2014 പ്രകാരം ശ്രീമതി. ചെറിയകത്ത് സഫിയ,ഫസീല മൻസിൽ ഓൾഡ് റോഡ്, കൂത്തുപറമ്പ് പിൻ 670 643 ,എന്നിവർ സമർപ്പിച്ച അപേക്ഷ.

3) കൂത്തുപറമ്പ് മുനിസിപ്പൽ സെക്രട്ടറിയുടെ 01.10.15, 4.1.16 എന്നീ തീയതികളിലെ ഇ 1/3072/2009 നമ്പർ കത്തുകൾ.

4) കണ്ണൂർ ജില്ലാ ടൗൺ പ്ലാനറുടെ 31.10.15-ലെ സി-1428/15 നമ്പർ കത്ത്

5) മുഖ്യ നഗരാസൂത്രകന്റെ 27.1. 16 -ലെ D1/10195/15/K Dis നമ്പർ കത്ത്.

## ഉത്തരവ്

കണ്ണൂർ ജില്ലയിലെ കൂത്തുപറമ്പ് മുനിസിപ്പാലിറ്റിയിൽ കൂത്തുപറമ്പ് വില്ലേജിലെ റീ സർവ്വേ നമ്പർ 106/ 1A ൽ ഉൾപ്പെട്ട സ്ഥലത്ത് ശ്രീമതി. ചെറിയകത്ത് സഫിയ,ഫസീല മൻസിൽ, ഓൾഡ് റോഡ്, കൂത്തുപറമ്പ് പിൻ 670 643 ,എന്നവർ നിർമ്മിച്ച റസിഡൻഷ്യൽ അപ്പാർട്ട്മെന്റ് കെട്ടിടം ക്രമവൽക്കരിക്കുന്നതിനുള്ള അപേക്ഷ പരാമർശം 5 പ്രകാരം മുഖ്യ നഗരാസൂത്രകൻ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. കേരള മുനിസിപ്പാലിറ്റി കെട്ടിട (അനധികൃത നിർമ്മാണം ക്രമവൽക്കരണം) ചട്ടം, 2014 ചട്ടം 5 (6) പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് സർക്കാർ ഈ അപേക്ഷ പരിശോധിക്കുകയും കൂത്തുപറമ്പ് വില്ലേജിലെ റീ സർവ്വേ നമ്പർ 106/ 1A ൽ ഉൾപ്പെട്ട സ്ഥലത്ത് ശ്രീമതി. ചെറിയകത്ത് സഫിയ,ഫസീല മൻസിൽ , ഓൾഡ് റോഡ് കൂത്തുപറമ്പ് പിൻ 670 643 , എന്നവർ ആകെ 412.69 ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണത്തിൽ നിർമ്മിച്ച റസിഡൻഷ്യൽ അപ്പാർട്ട്മെന്റ് കെട്ടിടം 92 601/- രൂപ ഈടാക്കി ക്രമവൽക്കരിക്കുന്നതിന് കൂത്തുപറമ്പ് മുനിസിപ്പൽ സെക്രട്ടറിക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. കെട്ടിടത്തിന്റെ കോമ്പൗണ്ടിംഗ് ഫീസായ 92 601/- രൂപ (തൊണ്ണൂറ്റി രണ്ടായിരത്തി അറുനൂറ്റി ഒന്ന് രൂപ) '' 0217 Urban Development -60 Other Urban Development Scheme -800 Other receipts-91 Compounding fee for regularization of Unauthorized Constructions violating provisions of building rules''എന്ന ശീർഷകത്തിൽ ട്രഷറിയിൽ ഒടുക്കേണ്ടതാണ്.

4. മേൽ പരാമർശിച്ച തുക ഈ ഉത്തരവിന്റെ തീയതി മുതൽ 30 ദിവസത്തിനകം സർക്കാർ ട്രഷറിയിൽ ഒടുക്കി അസ്സൽ ചെലാൻ കൂത്തുപറമ്പ് മുനിസിപ്പൽ സെക്രട്ടറി

മുമ്പാകെ ഹാജരാക്കേണ്ടതും കേരള മുനിസിപ്പാലിറ്റി കെട്ടിട (അനധികൃത നിർമ്മാണം ക്രമവൽക്കരണം) ചട്ടം, 2014 ൽ അനുശാസിക്കുന്ന പ്രകാരം നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് ആവശ്യമായ നടപടികൾ കുത്തുപറമ്പ് മുനിസിപ്പൽ സെക്രട്ടറി സ്വീകരിക്കേണ്ടതുമാണ്.

5. ഓക്യുപെൻസി സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് മുൻപ് ഈ ഉത്തരവിന്റെ മൂന്നാം ഖണ്ഡികയിലെ നിബന്ധനകൾ പാലിച്ചിട്ടുണ്ടോയെന്ന് കുത്തുപറമ്പ് മുനിസിപ്പൽ സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
എ പി എം മുഹമ്മദ് ഹനീഷ്
ഗവൺമെന്റ് സെക്രട്ടറി

ശ്രീമതി. ചെറിയകത്ത് സഫിയ,ഫസീല മൻസിൽ
ഓൾഡ് റോഡ് ,കുത്തുപറമ്പ് പിൻ 670 643
സെക്രട്ടറി , കുത്തുപറമ്പ് മുനിസിപ്പാലിറ്റി, കണ്ണൂർ.
ചീഫ് ടൗൺ പ്ളാനർ, തിരുവനന്തപുരം.
ചീഫ് ടൗൺ പ്ളാനർ(വിജിലൻസ്).
ജില്ലാ ടൗൺ പ്ളാനർ, കണ്ണൂർ.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ